# VIJNANABHAVAN - KOTHAMANGALAM

## SECOND SEMESTER EXAMINATION 2025 - 2026

**Std XI** Time : 2 hrs.
11.04.2026 Marks : 70

Name ........................................................................................

ID No ........................................................................................

House Name ........................................................................................

Division ........................................................................................

Parish ........................................................................................

| Written Exam | |
|---|---|
| 70 | |
| **Viva Exam** | |
| 20 | |
| **Total Marks** | |
| 90 | |

**ശരിയായ ഉത്തരത്തിന് ☑ ചിഹ്നം രേഖപ്പെടുത്തുക.** (10 x 1 = 10)

1 ക്രൈസ്തവ ജീവിതത്തിന് മാർഗ്ഗദർശനം നൽകുന്നത്
☐ ദൈവവചനം ☐ തിരുസഭ ☐ മാതാപിതാക്കൾ

2 ഈശോ താൻ പൂർത്തീകരിച്ച ദൈവികവെളിപാടിന് സാക്ഷികളാകാനും അത് ലോകത്തിന്റെ അതിർത്തികൾ വരെ പ്രഘോഷിക്കാനും തെരഞ്ഞെടുത്ത് നിയോഗിച്ചത് ആരെയാണ്?
☐ പ്രവാചകരെ ☐ ശ്ലീഹന്മാരെ ☐ വചനപ്രഘോഷകരെ

3 ബൈബിളിന്റെ സുറിയാനി വിവർത്തനമാണ്
☐ സെപ്ത്വജിന്ത് ☐ വുൾഗാത്ത ☐ പ്ശീത്ത

4 ദൈവവചന സ്പർശത്താൽ പുണ്യജീവിതം ആരംഭിച്ച് പില്ക്കാലത്ത് സഭാപിതാവും വേദപണ്ഡിതനും മഹാത്മാവുമായ വിശുദ്ധനാണ്
☐ വി. ബേസിൽ ☐ വി. ഗ്രിഗറി ☐ വി. ആഗസ്തീനോസ്

5 ക്രിസ്തീയ ജീവിതം സാത്താന്റെ ശക്തികൾക്കെതിരെയുള്ള പോരാട്ടമാണെന്ന് നമ്മെ അനുസ്മരിപ്പിക്കുകയാണ്
☐ വി. തോമാ ☐ വി. പൗലോസ് ☐ വി. പത്രോസ്

6 സന്തോഷത്തിലേക്കുള്ള ഈശോയുടെ വിളിയായി സുവിശേഷത്തെ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നത്
☐ തിരുസഭ ☐ കുടുംബം ☐ ഭക്തസംഘടനകൾ

7 സ്വന്തം ജീവിതം ധൂർത്തടിച്ച് നാശത്തിന്റെ വക്കിലെത്തിയ നഷ്ടപ്പെട്ടുപോയ പുത്രനെ സ്നേഹത്തോടെ തിരികെ സ്വീകരിക്കുന്ന നല്ല പിതാവിന്റെ ചിത്രം വിവരിക്കുന്നത്
☐ ലൂക്കാ 15:11-32 ☐ മർക്കോ. 15:11-15 ☐ മത്താ. 15:11-25

8 ദൈവവും മനുഷ്യരും തമ്മിലുള്ള കൂട്ടായ്മയുടെയും ഉടമ്പടിയുടെയും പ്രതീകമായി ഉപയോഗിച്ചിരുന്നത്
☐ കുന്തിരിക്കം ☐ കർപ്പൂരം ☐ ഉപ്പ്

9 പഴയ തിരുവിതാംകൂറിൽ നിന്നുള്ള സ്വാതന്ത്ര്യസമര സേനാനിയായിരുന്നു
☐ ആനി ബെസന്റ് ☐ അക്കാമ്മ ചെറിയാൻ ☐ ആനിമസ്ക്രീൻ

10 അനന്തനന്മയായ ദൈവം മനുഷ്യനോട് കാണിച്ചിട്ടുള്ള പരിധികളില്ലാത്ത സ്നേഹത്തിന് നാം കൊടുക്കുന്ന പ്രത്യുത്തരമാണ്
☐ മനഃസാക്ഷി ☐ ദൈവവിശ്വാസം ☐ നവയുഗ മതസങ്കൽപം

**ഒരു വാക്കിൽ ഉത്തരമെഴുതുക.** (5 x 2 = 10)

11 കോതമംഗലം രൂപതയുടെ മൂന്നാമത്തെ മെത്രാനായി മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവ് രൂപതയുടെ ഭരണം ഏറ്റെടുത്തത് എന്നാണ്?

12 സാമൂഹിക നീതിയുടെ നേതാവ് എന്ന് മഹാനായ ഗ്രിഗറിയെ വിശേഷിപ്പിച്ച മാർപ്പാപ്പ.

13 ഇടുക്കി ജില്ലയുടെയും എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയുടെയും വളർച്ചയിൽ സമാനതകൾ ഇല്ലാത്ത സംഭാവന നൽകിയ രൂപതയാണ്

14 'സ്നേഹത്തിന്റെ ആനന്ദം' എന്ന അപ്പസ്തോലിക ആഹ്വാനം ഏത് മാർപ്പാപ്പയുടെതാണ്?

15 നിങ്ങളുടെ വിശ്വാസ പരിശീലന പാഠാവലിക്ക് കൊടുത്തിരിക്കുന്ന പേര് എന്താണ്?

**ചേർത്തെഴുതുക.** (5 x 1 = 5)

| | A | | B |
|---|---|---|---|
| 16 | ജോർജ് ജോസഫ് | .......... | സഹനത്തിന്റെ ആനന്ദം |
| 17 | ഉത്ക്കൽ ഗൗരവ് | .......... | മാനസിക വിഭ്രാന്തി |
| 18 | ഓജോ ബോർഡ് | .......... | ഒഡീഷ |
| 19 | വി. ജെറോം | .......... | ഹോം റൂൾ പ്രസ്ഥാനം |
| 20 | വി. അൽഫോൻസ | .......... | വുൾഗാത്ത |

**തിരുവചനം പൂർത്തിയാക്കുക.** (3 x 3 = 9)

21 "എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന ..........

..........

.......... അനുസ്മരിപ്പിക്കുകയും ചെയ്യും" (യോഹ. 14:26).

22 "പൂർവകാലങ്ങളിൽ പ്രവാചകന്മാർ വഴി ..........

..........

.......... പുത്രൻ വഴി അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു" (ഹെബ്രാ. 1:1-2).

23 "അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും ..........

..........

.......... ഗലീലി മുഴുവൻ ചുറ്റി സഞ്ചരിച്ചു" (മത്താ. 4:23).

**അരപ്പേജിൽ ഉത്തരമെഴുതുക.** (4 x 5 = 20)

24 വചനാധിഷ്ഠിതമായ ജീവിതം നയിക്കാൻ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശദീകരിക്കുക.

25 ഒരു വ്യക്തിക്ക് ക്രിസ്തീയ സന്തോഷം ലഭിക്കുന്ന അടിസ്ഥാന ആശയങ്ങൾ വിശദമാക്കുക.

26 മദ്യത്തിനും മയക്കുമരുന്നിനും എതിരായി സഭ നടത്തുന്ന പ്രവർത്തനങ്ങളിൽ നിങ്ങൾ ഏതെല്ലാം വിധത്തിൽ പങ്കുചേരുമെന്ന് പദ്ധതി തയ്യാറാക്കുക.

27 ദൈവ വചനം കേട്ട് മാനസാന്തരപ്പെട്ട് ക്രിസ്തു ശിഷ്യനായി സുവിശേഷം പ്രസംഗിച്ച ഏതെങ്കിലും ഒരു വ്യക്തിയെ കണ്ടെത്തി ഒരു കുറിപ്പ് തയ്യാറാക്കുക.

**ഉത്തരം എഴുതുക.** (4 x 4 = 16)

28 ജപമാലയുടെ ദുഃഖത്തിന്റെ രഹസ്യങ്ങൾ എഴുതുക.

29 സുവിശേഷ ഭാഗ്യങ്ങൾ എഴുതുക.

30 ക്രിസ്തീയ വിശ്വാസം ഉപേക്ഷിച്ച് ഇതരമതത്തിൽപ്പെട്ട ഒരാളെ ജീവിതപങ്കാളിയാക്കാൻ ഒരുങ്ങുന്ന ഒരു സുഹൃത്തിനെ തിരിച്ചുകൊണ്ടുവരാൻ നിങ്ങൾ നൽകുന്ന ഉപദേശങ്ങൾ തയ്യാറാക്കുക.

31 സഭ സമൂഹനിർമ്മിതിക്കും നവീകരണത്തിനും ചെയ്യുന്ന സംഭാവനകൾ കണ്ടെത്തി ഒരു വിവരണം തയ്യാറാക്കുക.